# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

14.08.2017-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.1683

## എയ്ഡഡ് സ്കൂൾ/കോളേജ് മേഖലയിലെ നിയമനത്തിന് എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കുള്ള സംവരണം

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ. രാജു എബ്രഹാം</th><th colspan="2">ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി</th></tr>
<tr><td>(എ)</td><td>സർക്കാർ ജോലികളിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് എത്ര ശതമാനമാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്; ഇതിന്റെ ഇനം തിരിച്ച പട്ടിക ലഭ്യമാക്കാമോ; നിലവിൽ മറ്റ് ഏതൊക്കെ വിഭാഗങ്ങൾക്കാണ് സർക്കാർ ജോലിയ്ക്ക് സംവരണം ഉള്ളത്; എത്ര ശതമാനം വീതമാണ് ഓരോ വിഭാഗത്തിനും സംവരണം ഉള്ളത്; ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td><td>(എ)</td><td>സർക്കാർ സർവ്വീസിൽ പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ എസ്.സി. വിഭാഗത്തിന് 8%, എസ്.റ്റി.വിഭാഗത്തിന് 2%, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 40% എന്നിങ്ങനെയാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. ജാതി തിരിച്ചുള്ള സംവരണ പട്ടിക ചുവടെ ചേർക്കുന്നു:-<br><br>
<table>
<tr><th></th><th>ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ</th><th>മറ്റ് തസ്തികകളിൽ</th></tr>
<tr><td>എസ്.സി.</td><td>8</td><td>8</td></tr>
<tr><td>എസ്.റ്റി.</td><td>2</td><td>2</td></tr>
<tr><td>ഈഴവ</td><td>11</td><td>14</td></tr>
<tr><td>മുസ്ലിം</td><td>10</td><td>12</td></tr>
<tr><td>ലാറ്റിൻ കാത്തലിക്</td><td>4</td><td>4</td></tr>
<tr><td>നാടാർ (ഹിന്ദു)</td><td>1</td><td>1</td></tr>
<tr><td>നാടാർ (SIUC)</td><td>2</td><td>1</td></tr>
<tr><td>ക്രിസ്തുമതം സ്വീകരിച്ച എസ്.സി.</td><td>2</td><td>1</td></tr>
<tr><td>വിശ്വകർമ്മ</td><td>2</td><td>3</td></tr>
<tr><td>ധീവര</td><td>2</td><td>1</td></tr>
<tr><td>മറ്റ് പിന്നാക്ക വിഭാഗങ്ങൾക്കെല്ലാം കൂടി</td><td>6</td><td>3</td></tr>
<tr><td>ആകെ സംവരണം</td><td>50%</td><td>50%</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| | | | കൂടാതെ ഭിന്നശേഷിവിഭാഗക്കാർക്ക് ഔട്ട് ഓഫ് ടേണായി മൂന്ന് ശതമാനം സംവരണവും നൽകിവരുന്നുണ്ട്. |
| (ബി) | സർക്കാർ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന എയ്ഡഡ് സ്കൂൾ/കോളേജ് മേഖലയിൽ ഇപ്പോൾ നിയമനത്തിന് എന്തു മാർഗ്ഗമാണ് സ്വീകരിക്കുന്നത്; ഇവിടെ സംവരണ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) | സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ നിയമനങ്ങൾ ബന്ധപ്പെട്ട സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടുകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടത്തുന്നത്. സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ മുഴുവൻ നിയമനങ്ങളും മെറിറ്റ് അടിസ്ഥാനമാക്കി നടത്തുകയോ, അല്ലാത്തപക്ഷം ഒന്നിടവിട്ടുള്ള ഒഴിവുകൾ അല്ലെങ്കിൽ 50% ഒഴിവുകൾ ഒരു പ്രത്യേക വിഭാഗത്തിന് സംവരണം ചെയ്തോ നടത്താമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എയ്ഡഡ് സ്കൂൾ മേഖലയിൽ കേരള വിദ്യാഭ്യാസ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾക്കനുസൃതമായി അതത് മാനേജ്മെന്റുകളാണ് നിയമനങ്ങൾ നടത്തിവരുന്നത്. കേരള വിദ്യാഭ്യാസ ചട്ടത്തിൽ സംവരണ ചട്ടങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന സാഹചര്യത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട വർക്കെങ്കിലും ഇവിടെ ജോലിക്ക് സംവരണം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | | കോളേജുകളിലെ നിയമനങ്ങളിൽ എസ്.സി./എസ്.റ്റി സംവരണം കർശനമായി പാലിക്കണമെന്നുള്ള യു.ജി.സി മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലും, 32393/2010, 33205/2010, 9140/2013 എന്നീ നമ്പർ റിട്ട് ഹർജികളിന്മേലുള്ള |

| | | | |
|---|---|---|---|
| | | | ബഹു.കേരള ഹൈക്കോടതിയുടെ 25.05.2015-ലെ വിധിയുടെ അടിസ്ഥാനത്തിലും കേരളത്തിലെ ന്യൂനപക്ഷപദവിയില്ലാത്ത എയ്ഡഡ് കോളേജുകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങളിൽ മെറിറ്റ് ക്വാട്ടയിൽ, പി.എസ്.സി ഏർപ്പെടുത്തിയിട്ടുള്ളതുപോലെ പട്ടികജാതി വിഭാഗത്തിന് 8% സംവരണവും, പട്ടികവർഗ്ഗ വിഭാഗത്തിനുള്ള 2% സംവരണവും ഏർപ്പെടുത്തി ഡയറക്ട് പേയ്മെന്റ് എഗ്രിമെന്റ്, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ എന്നിവയിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച വിഷയം കോടതിയുടെ പരിഗണനയിലാതിനാൽ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ